**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 5881

09 /07/2012 - ൽ
മറുപടിക്ക്

## കാലാവധി കഴിഞ്ഞ എൽ.പി.ജി. സിലിണ്ടറുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ.എ.അസീസ്<br>ശ്രീ.കോവൂർ കുഞ്ഞുമോൻ | **ശ്രീ. അനൂപ് ജേക്കബ്**<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്ത് കാലാവധി കഴിഞ്ഞ എൽ.പി.ജി. സിലിണ്ടറുകൾ ഉപയോഗിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) എറണാകുളം ജില്ലയിൽ ഐ.ഓ.സി.യുടെ ടെസ്റ്റ് ഡേറ്റിന്റെ കാലാവധി കഴിഞ്ഞ സിലിണ്ടറുകൾ ഉപയോഗിക്കുന്നതായ ചുരുക്കം ചില കേസുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) എങ്കിൽ ഇതിനെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; | ബി) ടെസ്റ്റ് ഡേറ്റിന്റെ കാലാവധി കഴിഞ്ഞ ഒരു സിലിണ്ടർ പോലും ഡിസ്ട്രിബ്യൂട്ടേഴ്സിന് വിതരണം നടത്തുന്നില്ല എന്ന് ഉറപ്പ് വരുത്താൻ പര്യാപ്തമായ വിധത്തിൽ കൊച്ചിയിലെ ബോട്ട്ലിംങ് പ്ലാന്റിൽ സ്ക്രീനിംഗ് സംവിധാനം കാര്യക്ഷമമാക്കിയിട്ടുണ്ട്. കൂടാതെ കാലാവധി കഴിഞ്ഞ ഏതെങ്കിലും സിലിണ്ടർ ഏജൻസിയിൽ എത്തുകയാണെങ്കിൽ ആയത് തെരഞ്ഞു മാറ്റി ഉപഭോക്താക്കൾക്ക് വിതരണം ചെയ്യാതെ തിരിച്ചയയ്ക്കുവാൻ എല്ലാ ഏജൻസികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |
| സി) സംസ്ഥാനത്ത് സിലിണ്ടറുകൾ പൊട്ടിത്തെറിക്കുന്ന സംഭവങ്ങൾ കൂടുതലായി റിപ്പോർട്ട് ചെയ്യുന്ന സാഹചര്യത്തിൽ എൽ.പി.ജി. സിലിണ്ടറുകളുടെ സുരക്ഷിതത്വം ഉറപ്പ് വരുത്തുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | സി) പ്ലാന്റുകളിൽ നിന്നും ഡെസ്പാച്ചു ചെയ്യപ്പെടുന്ന സിലിണ്ടറുകൾ കർശനമായ ഗുണനിലവാര പരിശോധനകൾക്ക് വിധേയമാക്കുവാൻ എണ്ണക്കമ്പനികൾ ശ്രദ്ധിക്കുന്നുണ്ട്. ഗുണ നിലവാര പരിശോധനയിൽ തിരസ്കരിക്കപ്പെടുന്ന സിലിണ്ടറുകൾ വിതരണം നടത്തുന്നതിൽ നിന്നും പിൻവലിക്കുകയും അവ വിതരണം നടത്തുന്നതിനു മുമ്പ് ശരിയാക്കുകയും ചെയ്യാറുണ്ട്. ഇതിനായി കൂടുതലായും ആട്ടോമെറ്റിക് സിസ്റ്റമാണ് ഉപയോഗപ്പെടുത്തിയിരിക്കുന്നത്. കൂടാതെ ഈ ആട്ടോമെറ്റിക് സിസ്റ്റം നിർദ്ദിഷ്ട മാർഗ്ഗനിർദ്ദേശങ്ങളനുസരിച്ച് യഥാവിധി കാലിബ്രേറ്റ് ചെയ്യാറുണ്ടെന്നും ഓയിൽ കമ്പനികളുടെ സംസ്ഥാനതല കോ-ഓർഡിനേറ്റർ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ